"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ.ഡി. - അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടു വരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ ദേശീയ പാത (National Highway) 66-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി NHAI -ക്ക് വില ഈടാക്കാതെ നല്കുന്നത് - അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.11/2024/CSIND തീയതി, തിരുവനന്തപുരം, 15-03-2024.

---

പരാമർശം:-

1. സ.ഉ(സാധാ) നം. 2/2018/സി.എസ്.ഐ.എൻ.ഡി, തീയതി 21/6/2018.
2. കൊല്ലം ജില്ലാ കളക്ടറുടെ 13.07.2022 ലെ DCKLM/3278/2022-L12 നമ്പർ കത്ത്.
3. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 28/09/2022-ലെ CE/IN & KP/QC & M/ General/1847/2018 നമ്പർ കത്ത്.
4. 25.10.2022 ലെ A2/119/2022/CSIND നമ്പർ സർക്കാർ കത്ത്
5. ഉൾനാടൻ ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 30/11/2022 ലെ ഡി4-1362/ഡി.ഐ.ആർ./ഐ.എൻ.ഡി.റ്റി./2018 നമ്പർ കത്ത്.
6. 26.12.2022 ലെ A2/119/2022/CSIND നമ്പർ സർക്കാർ കത്ത്
7. റീജിയണൽ ഓഫീസർ, NHAI നല്കിയ 21/12/2022-ലെ 12798/RO-Kerala/Start of Kollam Bypass-Kadambattukonam/2086 നമ്പർ കത്ത്.
8. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 06/01/2024-ലെ CE/IN & KP/QC &M/General/1847/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ജലപാത വികസനത്തിന്റെ ഭാഗമായി നടത്തുന്ന ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും താൽക്കാലികമായി നിക്ഷേപിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും താൽക്കാലികമായി നിക്ഷേപിക്കുന്നതിനായി സൗകര്യ പ്രദമായ സ്ഥലങ്ങൾ വാടകയ്ക്കെടുത്ത്, താമസംവിനാ അവ ലേലം ചെയ്ത് ആവശ്യക്കാർക്ക് നൽകി

പ്രസ്തുത സ്ഥലം പഴയ സ്ഥിതിയിൽ നിലനിർത്തുന്നതിന് അതത് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിരുന്നു. അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടു വരുന്ന ഭാഗത്ത് നിന്നും മണ്ണ് ഡ്രഡ്ജ് ചെയ്ത് ദേശീയ പാത (National Highway) 66 ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കു വേണ്ടി ഉപയോഗിക്കുന്നതിനുള്ള അനുമതി നല്കണമെന്ന് ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിരാക്ഷേപ പത്രം സഹിതം നാഷണൽ ഹൈവേ അതോറിറ്റിയും, പ്രവൃത്തിയുടെ കരാറുകാരായ ശിവാലയ കൺസ്ട്രക്ഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡും അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ ദേശീയപാതാ വികസനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അഷ്ടമുടിക്കായലിൽ നിന്ന് മണ്ണ് ഡ്രഡ്ജ് ചെയ്യുന്നതിനും ടി മണ്ണ് നിയമാനുസൃത തുക ഒടുക്കി ഉപയോഗിക്കുന്നതിനും അനുമതി നല്കുന്നതിൽ ഉത്തരവുണ്ടാകണമെന്ന് പരാമർശം (1) കത്ത് പ്രകാരം കൊല്ലം ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്നു. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ പരാമർശം (2) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉപാധികളോടുകൂടി അനുമതി നല്കുന്നതിന് പരാമർശം (3) പ്രകാരം അനുവാദം നല്കിയിരുന്നു. തുടർന്ന്, കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) ൽ നടത്തിയ മണ്ണ് പരിശോധനാ റിസൾട്ടുകളുടെയും KERI -യുടെ നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ ശേഖരിച്ച എല്ലാ സാമ്പിളുകളും നിർമ്മാണ പ്രവൃത്തികൾക്ക് അനുയോജ്യമല്ലെന്ന് കാണപ്പെടുന്നുവെന്നും ആയതിനാൽ ഫില്ലിംഗ് പർപ്പസ് എന്ന വിഭാഗത്തിലുൾപ്പെടുത്തി DSR 2018 അനുസരിച്ച് ഫില്ലിംഗ് സാന്റ് നിരക്ക് നിശ്ചയിച്ച് നൽകാവുന്നതാണെന്ന് പരാമർശം (5) പ്രകാരം ഉൾനാടൻ ജലഗതാഗത ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് അതിൻപ്രകാരം വിലയും റോയൽറ്റി സെനറേജ് ചാർജുകളും ഈടാക്കാവുന്നതാണെന്ന് പരാമർശം (6) പ്രകാരം ജില്ലാകളക്ടറെ അറിയിച്ചിരുന്നു.

2. എന്നാൽ മണ്ണ് ഡ്രഡ്ജ് ചെയ്തെടുക്കുന്നതിനുമാത്രം രൂപ 487.03/ക്യു.മീ (Calculated as per DSR-2018 and including transportation cost of Rs.212/-cum lead upto 5 Kms) ആകുമെന്നും, ഡ്രഡ്ജ്ചെയ്തെടുക്കുന്ന മണ്ണിന്റെ നിരക്ക് കൂടാതെ റോയൽറ്റി സെനറേജ് ചാർജുകൾ കൂടി ഈടാക്കിയാൽ ഇതുകൊണ്ട് പ്രയോജനമില്ലാതാകുമെന്നും അത് അധികസാമ്പത്തിക ഭാരത്തിനിടയാക്കുമെന്നും, അതിനാൽ ഡ്രഡ്ജ്ചെയ്തെടുക്കുന്ന മണ്ണിന്റെ നിരക്ക് കൂടാതെ റോയൽറ്റി, സെനറേജ് ചാർജുകൾ ഈടാക്കുന്നത് കൂടി ഒഴിവാക്കി നല്കണമെന്നും പരാമർശം (7) കത്ത് പ്രകാരം NHAI റീജിയണൽ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

3. ജലപാതാ വികസനത്തിന്റെ ഭാഗമായി ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും സൗകര്യപ്രദമായ സ്ഥലങ്ങളിൽ താൽക്കാലികമായി നിക്ഷേപിച്ച് ആവശ്യക്കാർക്ക് ലേലം ചെയ്ത് നല്കുന്നതിന് ജില്ലാകളക്ടർമാ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെങ്കിലും ടി സ്പോയിൽ ഏറ്റെടുക്കുന്നതിന് ആവശ്യക്കാർ മുന്നോട്ട് വരുന്നില്ല എന്നും അഷ്ടമുടിക്കായലിലെ ഡ്രഡ്ജ് ചെയ്ത മണ്ണിന്റെ പരിശോധന റിപ്പോർട്ട് പ്രകാരം ഉപ്പുരസമുള്ളതിനാലും ഷെൽ വസ്തുക്കൾ അടങ്ങിയിട്ടുള്ളതിനാലും നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കാൻ സാധിക്കില്ലെന്നും ആയതിനാൽ അതിന് സാമ്പത്തിക മൂല്യം ഇല്ലെന്നും ഫില്ലിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കാനാകും എന്നത് കണക്കിലെടുത്താണ് മേൽപ്പറഞ്ഞ ന്യൂനതകൾ ഉണ്ടെങ്കിലും പ്രസ്തുത സ്പോയിലിന് DSR 2018 പ്രകാരം മഡ്ഡ് ആയി കണക്കാക്കി വില ഈടാക്കാമെന്ന് അഭിപ്രായപ്പെട്ടതെന്നും, പ്രസ്തുത ഡ്രഡ്ജ്ഡ് സ്പോയിൽ NHAI ആവശ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ സ്പോയിൽ NHAI-യ്ക്ക് ലഭ്യമാക്കുന്നത് മൂലം ഫില്ലിംഗിനായി

മലകൾ ഇടിച്ച് മണ്ണ് കണ്ടെത്തുന്ന നിലവിലെ രീതി ഒഴിവാക്കാനാകുമെന്നും, അഷ്ടമുടിക്കായലിന്റെ ജലവാഹക ശേഷി മേൽ പ്രവൃത്തിമൂലം വർദ്ധിക്കുമെന്നും ഡ്രഡ്ജിംഗ് പ്രവൃത്തികൾക്കായുള്ള ചെലവ് സംസ്ഥാനത്തിന് വരുന്നില്ലെന്നും ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും താൽക്കാലികമായി നിക്ഷേപിക്കുന്നതിനു നേരിടുന്ന സ്ഥലദൗർലഭ്യം ഡ്രഡ്ജ്ഡ് സ്പോയിൽ NHAI-യ്ക്ക് നൽകുന്നത് മൂലം പരിഹരിക്കാനാകുമെന്നും, എല്ലാറ്റിനുമുപരിയായി സ്പോയിൽ പ്രയോജനപ്പെടുത്തുക വഴി സംസ്ഥാനത്തിന് പ്രയോജനപ്പെടുന്ന ദേശീയ ആസ്തികൾ സൃഷ്ടിക്കാൻ കഴിയുമെന്നും ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ പരാമർശം (8) പ്രകാരം അറിയിക്കുകയും സംസ്ഥാനത്തിന് കൂടി പ്രയോജനപ്പെടുന്ന വിഷയമായതിനാൽ ദേശീയ പാത (NH 66) ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കു NHAI-യ്ക്ക് സൗജന്യമായി നൽകാവുന്നതാണെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി.

4. ഇക്കാര്യം ചർച്ച ചെയ്യുന്നതിനായി 10/01/2024-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഓൺലൈനായി ചേർന്ന യോഗത്തിൽ ദേശീയപാത NH 66-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്നും മണ്ണ് ഡ്രഡ്ജ് ചെയ്ത് ഉപയോഗിക്കുമ്പോൾ ഡ്രഡ്ജ് ചെയ്തെടുക്കുന്ന മണ്ണിന് വില ഈടാക്കാത്ത പക്ഷം സെനറേജ് ചാർജ്ജ് (Seigniorage charge) ഒഴിവാക്കുന്നതിൽ റവന്യു വകുപ്പിന് എതിരഭിപ്രായമില്ലെന്ന് റവന്യു വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും വില ഈടാക്കാത്ത പക്ഷം റോയൽറ്റി ഈടാക്കില്ലെന്ന് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറും അറിയിക്കുകയുണ്ടായി. കേരളത്തിലെ ദേശീയപാതാ വികസനത്തിന്റെ പുരോഗതി അവലോകനവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23/1/2024 - ന് ചേർന്ന യോഗത്തിൽ ഇക്കാര്യത്തിൽ അടിയന്തര തീരുമാനമുണ്ടാകണമെന്ന് ബഹു. മുഖ്യമന്ത്രി നിർദ്ദേശിക്കുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഷ്ടമുടിക്കായലിലെ ദേശീയ ജലപാതയിൽ ഉൾപ്പെട്ടുവരുന്ന ഭാഗത്ത് നിന്നും ഡ്രഡ്ജ് ചെയ്തെടുക്കുന്ന സ്പോയിൽ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കാൻ സാധിക്കില്ലെന്നതിനാൽ സാമ്പത്തിക മൂല്യം ഇല്ലാത്തതാണെന്ന വസ്തുതയും നാഷണൽ ഹൈവേ നിർമ്മാണത്തിന് സ്പോയിൽ പ്രയോജനപ്പെടുത്തുക വഴി സംസ്ഥാനത്തിന് പ്രയോജനപ്പെടുന്ന ദേശീയ ആസ്തികൾ സൃഷ്ടിക്കാൻ കഴിയുമെന്നതും പരിഗണിച്ച് ദേശീയപാത (NH) 66-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) ക്ക് വില ഈടാക്കാതെ നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശോക് കുമാർ സിംഗ് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
ചീഫ് എഞ്ചിനീയർ, ഇറിഗേഷനും ഭരണവും, തിരുവനന്തപുരം.
ലാന്റ് റവന്യു കമ്മീഷണർ തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം പി. ഒ., കൊല്ലം.

റീജിയണൽ ഡയറക്ടർ, ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ, റീജിയണൽ ഓഫീസ്, മരട്, എറണാകുളം. 682 304.

റീജിയണൽ ഓഫീസർ കേരള, എൻ.എച്ച്.എ.ഐ, അമ്പാടി ആർക്കേഡ്, പേട്ട പി.ഒ., തിരുവനന്തപുരം. 695 024.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) , കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

റവന്യൂ(പി) വകുപ്പ്.

വ്യവസായ(എ) വകുപ്പ്.

ജലവിഭവ (ഐ.ആർ) വകുപ്പ്.

പൊതുമരാമത്ത് (ഡി) വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ) വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (എ2/119/2022/സി.എസ്.ഐ.എൻ.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Bimal V
Date: 16-03-2024 10:08:18
സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സി.എസ്.ഐ.എൻ. വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്